**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2434** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വസ്തുക്കളുടെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിപണിയിൽ ഭക്ഷ്യ വസ്തുക്കളുടെ വില വൻതോതിൽ വർദ്ധിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ്, വിദൂര സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവ് തുടങ്ങിയ വിവിധ കാരണങ്ങളാൽ, നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നിരുന്നാലും സർക്കാരിന്റെ കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങൾ മൂലം വിലവർദ്ധനവ് പിടിച്ച് നിർത്താൻ സാധിച്ചിട്ടുണ്ട്. |
| (ബി) | വിപണിയിൽ കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നത് കണ്ടെത്തുന്നതിനും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വില നിലവാരവും പരിശോധിക്കുന്നതിനുമായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ എത്ര പരിശോധനകളാണ് നടത്തിയിട്ടുള്ളതെന്നും ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ; | (ബി) | പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വില നിലവാരവും പരിശോധിക്കുന്നതിനായി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 3222 പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ വില പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. നടത്തിയ പരിശോധകളുടെ എണ്ണം, സ്വീകരിച്ച നടപടികളുടെ എണ്ണം എന്നിവ **അനുബന്ധം I**ആയി ചേർക്കുന്നു. |
| (സി) | പൊതുവിപണിയിലെ വിലവർദ്ധനവും കരിഞ്ചന്തയും പൂഴ്ത്തി വെയ്പ്പും തടയുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് നാളിതുവരെയായി സ്വീകരിച്ചിട്ടുള്ളത് എന്നും ആയതിന്റെ അടിസ്ഥാനത്തിൽ വില നിയന്ത്രണം സാധ്യമായിട്ടുണ്ടോ എന്നും അറിയിക്കാമോ; | (സി) | പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>പൊതുവിപണിയിലുണ്ടാകുന്ന വില വർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സംയുക്തമായി ചേർന്ന് പരിശോധനകൾ നടത്താറുണ്ട്. അവശ്യസാധന നിയമം-1955 നെ അടിസ്ഥാനപ്പെടുത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും |

| | | | |
|---|---|---|---|
| | | | സംബന്ധിച്ചുള്ള പരാതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് ഒരു വെബ് സൈറ്റ് അധിഷ്ഠിത പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട് പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വില നിലവാരവും പരിശോധിക്കുന്നതിനായി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 3222 പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ വില പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. നടത്തിയ പരിശോധകളുടെ എണ്ണം, സ്വീകരിച്ച നടപടികളുടെ എണ്ണം എന്നിവ **അനുബന്ധം I** ആയി ചേർക്കുന്നു. (https: fcainfoweb.nic.in/ECRE/) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനാവശ്യമായ കർശന പരിശോധനകൾ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരും നടത്തുകയും ലഭ്യമാകുന്ന വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ മാസത്തിലൊരിക്കൽ വകുപ്പുമന്ത്രിയെ ഉപഭോക്താക്കൾക്ക് നേരിട്ടു വിളിച്ച് പരാതികൾ അറിയിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി വില നിയന്ത്രണം സാധ്യമായിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുവിപണിയിലെ ഭക്ഷ്യ വസ്തുക്കളുടെ വിലയും ഇപ്പോഴത്തെവിലയും എത്രയാണെന്നും സർക്കാരിന്റെ വിപണി ഇടപെടലിനെ തുർന്നു വില കുറഞ്ഞ ഭക്ഷ്യവസ്തുക്കൾ ഏതെല്ലാമാണെന്നും അറിയിക്കാമോ? | (ഡി) | **ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുവിപണിയിലെ ഭക്ഷ്യ വസ്തുക്കളുടെ വിലയും ഇപ്പോഴത്തെ വിലയും തമ്മിലുള്ള താരമത്യം അനുബന്ധം II ആയി ചേർക്കുന്നു. സപ്ലൈകോ വില്പനശാലകൾ വഴി സബ്സിഡി നിരക്കിൽ വില്പന നടത്തിവരുന്ന 13 ഇനം അവശ്യവസ്തുക്കളുടെ വില 2016 മുതൽ മാറ്റമില്ലാതെ തുടരുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| **District** | **Action taken against the shop (not displaying pricelist)** | **Number of inspection done under the supervision of District collector** |
|---|---|---|
| Thiruvananthapuram | 149 | 106 |
| Kollam | 15 | 2 |
| Pathanamthitta | 0 | 381 |
| Alappuzha | 32 | 258 |
| Kottayam | 49 | 260 |
| Idukki | 1 | 410 |
| Ernakulam | 15 | 9 |
| Thrissur | 104 | 537 |
| Palakkad | 63 | 110 |
| Malappuram | 44 | 277 |
| Kozhikkod | 51 | 382 |
| Wayanad | 76 | 215 |
| Kannur | 4 | 199 |
| Kasargod | 16 | 76 |
| Total | 619 | 3222 |

<u>**അനുബന്ധം II**</u>

| ക്രമ നം | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വില (രൂപ കി.ഗ്രാമിന്) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന പൊതു വിപണി വില (as per Economics and Statistics Dept of 22.05.2021 (per Kg) | നിലവിലെ സബ്സിഡി വില (രൂപ കി .ഗ്രാമിന്) | നിലവിലെ പൊതു വിപണി വില (as per Economics and Statistics Dept of 06.12.2022 (per Kg) | നിലവിലെ സബ്സിഡി വിലയും പൊതു വിപണി വിലയും തമ്മിലുള്ള വ്യത്യാസം | 22.05.21 ലെ പൊതു വിപണി വിലയും നിലവിലെ (06.12.22) പൊതു വിപണി വിലയും തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|---|---|---|
| | | A | B | C | E | F = E–C | G = E–B |
| 1 | ചെറുപയർ | 74.00 | 116.00 | 74.00 | 112.79 | 38.79 | –3.21 |
| 2 | ഉഴുന്ന് ബോൾ | 66.00 | 122.46 | 66.00 | 129.21 | 63.21 | 6.75 |
| 3 | വൻകടല | 43.00 | 82.15 | 43.00 | 90.57 | 47.57 | 8.42 |
| 4 | വൻ പയർ | 45.00 | 82.00 | 45.00 | 101.50 | 56.50 | 19.50 |
| 5 | തുവര പരിപ്പ് | 65.00 | 114.15 | 65.00 | 131.43 | 66.43 | 17.28 |
| 6 | മുളക് | 75.00 | 183.46 | 75.00 | 333.86 | 258.86 | 150.40 |
| 7 | മല്ലി | 79.00 | 101.69 | 79.00 | 158.79 | 79.79 | 57.10 |
| 8 | പഞ്ചസാര | 22.00 | 38.04 | 22.00 | 40.32 | 18.32 | 2.28 |
| 9 | വെളിച്ചെണ്ണ 1/2 ലിറ്റർ | 46.00 | 116.72 | 46.00 | 83.18 | 37.18 | –33.54 |
| 10 | ജയ അരി | 25.00 | 38.50 | 25.00 | 59.00 | 34.00 | 20.50 |
| 11 | കുറുവ അരി | 25.00 | 34.00 | 25.00 | 39.78 | 14.78 | 5.78 |
| 12 | മട്ട അരി | 24.00 | 36.88 | 24.00 | 50.36 | 26.36 | 13.48 |
| 13 | പച്ചരി | 23.00 | 37.00 | 23.00 | 33.86 | 10.86 | –3.14 |